ശബരിമലയിലെ ഭിക്ഷാടന നിരോധനം

92 [T375] ശ്രീ. എ. കെ. മണി :

,, ടി. യു. രാധാകൃഷ്ണൻ :

പ്രൊഫ. എ. ഡി. മുസ്തഫ :

ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിലും പരിസര പ്രദേശത്തും ഭിക്ഷാടനം നിരോധിച്ചിരുന്നുവോ;

(ബി) ഭിക്ഷാടന നിരോധനം നടപ്പാക്കേണ്ടത് ഏത് വകുപ്പാണ്;

(സി) സ്വാമി അയ്യപ്പൻ റോഡിലും ചന്ദ്രാനന്ദൻ റോഡിലും ഭിക്ഷാടനം നടത്തുന്നവർ ഉണ്ടായിരുന്നുവോ;

(ഡി) ഇവിടെ ഭിക്ഷാടന നിരോധനം വിജയകരമായി നടപ്പാക്കുവാൻ ബാദ്ധ്യസ്ഥരായവർ അതിന് തുനിയാതിരുന്നതെന്തുകൊണ്ടാണ്;

(ഇ) അവരുടെ മേൽ എന്തു നടപടിയെടുക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ 27-10-2003-ലെ എസ്.ആർ.ഒ. നം. 996/2003 പ്രകാരം ശബരിമലയിലും സമീപപ്രദേശങ്ങളിലും ഭിക്ഷാടനം നിരോധിച്ചിട്ടുണ്ട്.

(ബി) ആഭ്യന്തര വകുപ്പ്.

(സി) ചില ഭാഗങ്ങളിൽ ഭിക്ഷാടനം നടത്തുന്നവർ ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി ആന്റ് ഇ) ഭിക്ഷാടനം നടത്തുന്നത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ വന്നാൽ ഉടൻ തന്നെ അവരെ നീക്കം ചെയ്യാറുണ്ട്. റോഡിനോട് ചേർന്നുള്ള വനത്തിൽ കൂടി ഭിക്ഷക്കാർ പ്രവേശിക്കുന്നതിനാൽ റോഡിൽ എത്തുമ്പോൾ മാത്രമേ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടാറുള്ളൂ.

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly